വിദ്യാർത്ഥികൾക്കുള്ള യാത്രാസൗജന്യ നിരക്ക്

90 [2862] ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ. എച്ച്. ആർ. ഡി.-യിലെ റഗുലർ പി. ജി. ഡി. സി.എ. വിദ്യാർത്ഥികൾക്ക് കെ. എസ്. ആർ. ടി. സി. നൽകിയിരുന്ന യാത്രാ സൗജന്യ നിരക്ക് നിർത്തലാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പുനഃസ്ഥാപിക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കെ. എസ്. ആർ. ടി. സി.-യിലെ നിലവിലുള്ള വ്യവസ്ഥയനുസരിച്ച് പി. ജി. ഡി. സി. എ., പി. ജി. ഡി. സി. എം., ഡി. സി. എം., ഒ. എം. തുടങ്ങിയ കോഴ്സുകൾക്ക് കൺസഷൻ നൽകാൻ നിർവ്വാഹമില്ല.

വിദ്യാർത്ഥികളുടെ കൺസഷൻ ടിക്കറ്റ്

91 [2863] ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തൊട്ടാകെ എത്ര വിദ്യാർത്ഥികൾക്കാണ് കെ. എസ്. ആർ. ടി. സി. കൺസഷൻ ടിക്കറ്റുകൾ അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ഇവരിൽ റഗുലർ-പാരലൽ വിദ്യാർത്ഥികൾക്ക് യഥാക്രമം എത്ര ശതമാനം നിരക്കാണ് ഇളവ് നൽകിയിട്ടുള്ളത്;

(സി) ഇപ്പോൾ അനുവദിക്കുന്ന കൺസഷൻ കാർഡുകൾ എത്ര ദിവസങ്ങൾ ക്കുള്ളിലാണ് പുതുക്കേണ്ടത്;

(ഡി) ഈ കാർഡുകൾ എത്ര ദിവസങ്ങൾ ഉപയോഗിക്കാൻ അനുവദിച്ചിട്ടുണ്ട്;

(ഇ) ഇപ്പോഴത്തെ കൺസഷൻ കാർഡുകൾക്ക് പകരം 180 ദിവസങ്ങൾ ഉപയോഗിക്കാവുന്ന കാർഡുകൾ ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി അനുവദിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴി ട്രാൻസ്പോർട്ട് കൺസഷൻ ടിക്കറ്റുകൾ വിതരണം ചെയ്യുകയോ പുതുക്കി നൽകുകയോ ചെയ്യുന്നുണ്ടോ;

(ജി) ഉണ്ടെങ്കിൽ എത്ര സ്ഥാപനങ്ങൾ വഴി വിതരണം/പുതുക്കൽ അനുവദിച്ചിട്ടുണ്ട്;

(എച്ച്) കേരളത്തിലെ എല്ലാ അംഗീകൃത സ്കൂളുകളിലും എല്ലാ വനിതാ വിദ്യാലയങ്ങളിലും കൺസഷൻ പുതുക്കാനുള്ള സംവിധാനം അനുവദിക്കാമോ;

(ഐ) കൺസഷൻ പുതുക്കാനെത്തുന്ന കുട്ടികൾ രാവിലെ ടോക്കൺ കൈപ്പറ്റി വൈകുന്നേരംവരെ നഗരപ്രദേശങ്ങളിൽ വൃഥാ ചുറ്റിക്കറങ്ങുന്നത് ഒഴിവാക്കാൻ കൺസഷൻ ടിക്കറ്റ് ഉടനടി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2003-2004 അദ്ധ്യയന വർഷ കാലയളവിൽ 472,166 കൺസഷൻ ടിക്കറ്റുകൾ കെ. എസ്. ആർ. ടി. സി. നൽകിയിട്ടുണ്ട്.

(ബി) 1999-ലെ ഗവൺമെന്റ് ഉത്തരവു പ്രകാരം റഗുലർ-പാരലൽ വിദ്യാർത്ഥികൾക്ക് നിലവിലുള്ള ടിക്കറ്റ് നിരക്കിന്റെ 25% നൽകണമായിരുന്നു. എന്നാൽ പിന്നീടുണ്ടായ നിരക്കുവർദ്ധനവുകൾ വിദ്യാർത്ഥികൾക്ക് ബാധകമാക്കാതിരുന്നതു കാരണം ഇപ്പോൾ 84% ഇളവ് ലഭിക്കുന്നുണ്ട്.

(സി) 1. ഒരു മാസത്തെ കാർഡ് കാലാവധി കഴിഞ്ഞു 10 ദിവസത്തിനകം പുതുക്കേണ്ടതാണ്.

2. മൂന്നു മാസത്തെ കാർഡ് കാലാവധി കഴിഞ്ഞു 30 ദിവസത്തിനകം പുതുക്കേണ്ടതാണ്.

3. പത്ത് മാസത്തെ കാർഡ് അടുത്ത അദ്ധ്യയന വർഷത്തിൽ പുതുക്കി നൽകും.

(ഡി) 1. ഒരു മാസത്തെ കാർഡ് 25 ദിവസം ഉപയോഗിക്കാവുന്നതാണ്.

2. മൂന്നു മാസത്തെ കാർഡ് 75 ദിവസം ഉപയോഗിക്കാവുന്നതാണ്.

3. പത്ത് മാസത്തെ കാർഡിന്റെ കാലാവധി ജൂൺ 1 മുതൽ മാർച്ച് 31 വരെയാണ്. ഈ കാർഡുകൾ 250 ദിവസം ഉപയോഗിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇക്കാര്യം പരിഗണനയിലില്ല.

(എഫ്) ഇല്ല.

(ജി) ചോദ്യം ഉദിക്കുന്നില്ല.

(എച്ച്) ഇക്കാര്യം പരിഗണിക്കാൻ നിർവ്വാഹമില്ല.

(ഐ) ഈ നിർദ്ദേശം പരിശോധിക്കുന്നതാണ്.

മോട്ടോർ വാഹന വകുപ്പിന് നികുതി കുടിശിക

92 [2864] ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മോട്ടോർ വാഹന വകുപ്പിന് കെ. എസ്. ആർ. ടി. സി. ഉൾപ്പെടെയുള്ള വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും നികുതി കുടിശികയിനത്തിൽ ലഭിക്കാനുള്ള തുക എത്രയെന്ന് വകുപ്പ് തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) നികുതി കുടിശിക ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 30-9-2004 കാലയളവ് വരെ വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും 49.19 കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ട്. മറ്റുള്ള ഒരു സർക്കാർ വകുപ്പിൽ നിന്നും മോട്ടോർ വാഹന വകുപ്പിന് ഒരു തരത്തിലുള്ള നികുതിയും കിട്ടാനില്ല. 24-8-87-ലെ പൊതുമരാമത്ത് ആന്റ് ട്രാൻസ്പോർട്ട് വകുപ്പ് ഉത്തരവ് (ആർറ്റി.) നമ്പർ 1479/87 പ്രകാരം കെ. എസ്. ആർ. ടി. സി. സംസ്ഥാനത്തിനുള്ളിൽ നടത്തുന്ന സർവ്വീസുകൾക്ക് പ്രതിമാസം 47 ലക്ഷം രൂപയും ഇന്റർസ്റ്റേറ്റ് സർവ്വീസുകൾക്ക് 33 ലക്ഷം രൂപയുമാണ് നികുതിയിനത്തിൽ അടയ്ക്കേണ്ടത്. ആയത് കെ. എസ്. ആർ. ടി. സി.-യുടെ ട്രഷറി അക്കൗണ്ടിൽ നിന്നും ഈടാക്കുവാൻ സർക്കാരിന് അനുമതിയുള്ളതിനാൽ കെ. എസ്. ആർ. ടി. സി.-ക്ക് നികുതി കുടിശിക ഇല്ല.

(ബി) നികുതി കുടിശിക പിരിച്ചെടുക്കുന്നതിന് നികുതി അടയ്ക്കാത്ത വാഹനങ്ങളെ എത്രയും വേഗം മോട്ടോർ വാഹന ടാക്സേഷൻ ആക്ട് സെക്ഷൻ 11 അനുസരിച്ച് കസ്റ്റഡിയിലെടുക്കുവാനും ഇപ്രകാരം സാധിക്കാത്ത അവസ്ഥയിൽ, വാഹന ഉടമകളിൽ നിന്നും നികുതി കുടിശിക ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾ ശക്തമാക്കാനും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly